പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5156 — 26.03.2018-ൽ മറുപടിക്ക്

## ജില്ലാ സാമൂഹ്യ ഓഡിറ്റ് സമിതികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് പൊതുമരാമത്ത് പണികളുടെ ഗുണനിലവാരം വിലയിരുത്തുന്നതിനുള്ള ജില്ലാ സാമൂഹ്യ ഓഡിറ്റ് സമിതികൾ എല്ലാ ജില്ലകളിലും രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ സമിതികൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോയെന്നറിയിക്കാമോ; | (എ) ഉണ്ട്. 05.01.2018-ലെ സ.ഉ (കൈ) നം. 01/2018/ പൊ.മ.വ പ്രകാരം പൊതുമരാമത്ത് ജില്ലാ സാമൂഹ്യ ഓഡിറ്റ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ജില്ലാ സമിതികൾ പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി പ്രവർത്തനം പ്രാഥമികമായി ആരംഭിച്ചിട്ടുമുണ്ട്. |
| (ബി) ജില്ലാ സമിതിയ്ക്ക് നിലവിൽ നൽകിയിട്ടുള്ള കടമകളും ചുമതലകളും വിപുലമാക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (ബി) അത്തരത്തിൽ നിർദ്ദേശങ്ങൾ ലഭിക്കുകയാണെങ്കിൽ പ്രായോഗിക സാധ്യതകൾ കൂടി പരിഗണിച്ചതിനു ശേഷം പരിശോധിക്കുന്നതാണ് |
| (സി) സമിതിയുടെ മുൻപാകെ വരുന്ന വ്യാജ പരാതികളുടെ അടിസ്ഥാനത്തിൽ പ്രവൃത്തികൾ തടസ്സപ്പെടാതിരിക്കുന്നതിന് സമിതി എന്തെല്ലാം മുൻകരുതൽ സ്വീകരിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ? | (സി) പ്രവൃത്തികൾ നടക്കുന്ന ജില്ലയിലെ സ്ഥിര താമസക്കാരനായ ഒരാൾക്ക് മാത്രമേ സമിതിക്കു മുമ്പാകെ പരാതി നൽകാനാവൂ. കൂടാതെ പ്രവൃത്തി നടന്നുവരുന്ന സമയത്തോ പ്രവൃത്തി പൂർത്തിയായി മൂന്ന് മാസത്തിനകമോ പരാതി സമർപ്പിക്കേണ്ടതാണെന്നും സൂചിപ്പിച്ചിരിക്കുന്നു. പരാതിയുടെ അടിസ്ഥാനത്തിലുള്ള പരിശോധനാ റിപ്പോർട്ടുകൾ സമിതി യോഗം വിശദമായി ചർച്ച ചെയ്ത് പ്രവൃത്തിയിൽ അപാകതകളോ, വലിയ ക്രമക്കേടുകളോ ഉണ്ടെങ്കിൽ അവ പരിഹരിക്കേണ്ട നടപടി ശിപാർശയോടെ സംസ്ഥാന സർക്കാരിന് സമർപ്പിക്കുകയാണ് സമിതി ചെയ്യുന്നത്. സമിതിയുടെ ശുപാർശകളും അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നത് സർക്കാരാണ്. അതുകൊണ്ടുതന്നെ വ്യാജ പരാതികളുടെ അടിസ്ഥാനത്തിൽ പ്രവൃത്തികൾ തടസ്സപ്പെടാനുള്ള സാധ്യത പൊതുവിൽ ഉണ്ടാകുകയില്ല. |

സെക്ഷൻ ഓഫീസർ